"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കേരള കോ-ഓപ്പറേറ്റീവ് റിവൈവൽ ഫണ്ട് സ്കീം പദ്ധതി 2025 ന് ധനസഹായം അനുവദിയ്ക്കുന്നത് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.346/2025/Co-Op തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:-

1. സ.ഉ.(പി)നം.49/2025/സഹ തീയതി 15/04/2025
2. 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം.
3. സഹകരണ സംഘം രജിസ്ട്രാറുടെ 22/06/2025 ലെ പി&എം എ (4) 5414/25 നം. കത്ത്
4. ഇ.അനുമതി നം. AS/COP/25/43564 (സബ്സിഡി)

**ഉത്തരവ്**

1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ സെക്ഷൻ 57 E ന്റെ അടിസ്ഥാനത്തിൽ കേരള കോ-ഓപ്പറേറ്റീവ് റിവൈവൽ ഫണ്ട് സ്കീം 2025 ന് പരാമർശം (1) പ്രകാരം സർക്കാർ രൂപം നല്കിയിട്ടുണ്ട്. പ്രായോഗികപദ്ധതികളുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ കാരണങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

2. 2024-2025 സാമ്പത്തിക വർഷത്തിലെ വിഹിതമായ 223.00 ലക്ഷം രൂപ ഉൾപ്പെടെ 700.00 ലക്ഷം രൂപ കേരള കോ-ഓപ്പറേറ്റീവ് റിവൈവൽ ഫണ്ട്

സ്കീമിലേയ്ക്കുള്ള സഹായം പദ്ധതിയ്ക്കായി **2025-2026** സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു നൽകുന്നതിനുള്ള പ്രപ്പോസൽ പരാമർശം **(2)** വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിച്ച് അംഗീകരിച്ചിരുന്നു. പ്രസ്തുത തുക അനുവദിക്കുന്നതിന് ഭരണാനുമതിയും റിലീസ് അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം **(3)** പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, **13/05/2025** ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കേരള കോ-ഓപ്പറേറ്റീവ് റിവൈവൽ ഫണ്ട് സ്കീം **2025** പദ്ധതിക്കായി **700.00** ലക്ഷം രൂപ ധനസഹായം (എഴുന്നൂറ് ലക്ഷം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ **2425-108-24** സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.(**ബി3/118/2025/സഹ)**

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 18-07-2025 16:11:36
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.